


# ടൂറിസം എന്ന മഹാശാപം

**പ്രകൃതിയെ ബലാൽക്കാരം ചെയ്യുന്ന ടൂറിസ വികസനം; ക്ഷുദ്രവാസനകളെ വളർത്താൻ മാത്രമുപയോഗിയ്ക്കുന്ന സാംസ്കാരിക വിനിമയം—വളരുന്ന ടൂറിസ വ്യാപാരത്തിന്റെ മറുപുറങ്ങളെപ്പററി ഒരന്വേഷണം**

**ഡോ: കെ. ഭാസ്കരൻ നായർ**

ഹിററ്ലറുടെ ഭരണകാലത്ത് ജർമനിയിൽ നിന്ന് നാടുകടത്തപ്പെട്ട തോമസ്മൻ എന്ന നോബൽസമ്മാനം നേടിയ സാഹിത്യകാരൻ അമേരിക്കയിലെ കാലിഫോർണിയയിൽ താമസിക്കുമ്പോൾ ഒരു ദിവസം അദ്ദേഹവും ആൽഡസ് ഹക്സ്ലി എന്ന ആംഗലസാഹിത്യകാരനും കൂടി കടപ്പുറത്ത് നടക്കാൻ പോയി. അതിമനോഹരമായ സമുദ്രതീരം. നല്ല കാലാവസ്ഥ. അവരുടെ സംഭാഷണം രസകരമായി, ലോകസാഹിത്യത്തിന്റെ പല മേഖലകളേയും സ്പർശിച്ചുകൊണ്ട് തുടർന്നുപോകവെ, കാലിൽ എന്തോ തടയുകയാൽ തോമസ്മൻ പെട്ടന്ന് നിന്നു. താഴോട്ടു നോക്കി അദ്ദേഹം, ശുദ്ധം മാറിയ നമ്പൂരിയെപ്പോലെ, ''ഛേ'' എന്ന് അട്ടഹസിച്ചുകൊണ്ട് ഒഴിഞ്ഞു മാറി. അത് ആരോ ഉപയോഗിച്ചതിനു ശേഷം ഉപേക്ഷിച്ചിട്ടു പോയതും ഇന്ത്യയിൽ ''നിരോധ്'' എന്ന പേരിൽ അറിയപ്പെടുന്നതുമായ ഒരു ഗർഭനിരോധന ഉപകരണമായിരുന്നു. അവർ അല്പം വഴി മാറി നടന്നു. പക്ഷേ, ഒരു രക്ഷയും കിട്ടിയില്ല. ആ കടപ്പുറത്ത് എവിടെ നോക്കിയാലും ഈ റബ്ബർ ഉറകൾ തന്നെ! ക്ഷമ നശിച്ച തോമസ്മൻ അപ്പോൾ ഇങ്ങനെ പറഞ്ഞതായി ആൽഡസ് ഹക്സ്ലി എഴുതിയിട്ടുണ്ട്. ''യൂറോപ്പ് ഇത്ര മോശമായിട്ടില്ല. നിങ്ങളും ഞാനും വന്നുകൂടിയ അമേരിക്കയാണല്ലൊ ഈ വൃത്തികേടുകൊണ്ട് നിറഞ്ഞിരിക്കുന്നത്!'' അവരുടെ നടത്തവും സംഭാഷണവും അതോടെ അവസാനിച്ചു.

1940–ന് മുമ്പാണിത്. അതിനു ശേഷം കഴിഞ്ഞുപോയ നാലു ദശകങ്ങൾക്കിടയ്ക്ക് യൂറോപ്പിൽ മാത്രമല്ല, വിശാലമായ ഈ ലോകത്തിന്റെ ഏത് ഒഴിഞ്ഞ മൂലയിലുള്ള കടപ്പുറവും ഇതുപോലെ ആയിത്തീർന്നിരിക്കുന്നു. ടൂറിസം എന്ന മഹാശാപം ഭൂമിയിലുള്ള സകല രാജ്യങ്ങളേയും ഗ്രസിച്ചിരിക്കുന്നു. ഇപ്പോഴിതാ ബാഹ്യാകാശത്തേയ്ക്കും ടൂറിസം വികസിപ്പിക്കുവാനുള്ള ആലോചനകൾ തുടങ്ങിയിരിക്കുന്നു. ''സ്പേസ് ഷട്ടിൽ'' എന്ന പരിപാടി നടപ്പിലാവുകയേ വേണ്ടു. അതു വിജയിച്ചാൽ പിന്നെ അവിടെയും രക്ഷ കിട്ടുകയില്ല. ചിരപരിചിതമായ ചുററുപാടുകളിൽ നിന്ന് കുറച്ചു നാളത്തേയ്ക്ക് രക്ഷപ്പെടണം എന്നല്ലാതെ മററു യാതൊരു ലക്ഷ്യവുമില്ലാതെ കോടിക്കണക്കിലുള്ള ജനങ്ങൾ ലോകത്തിന്റെ നാനാ ഭാഗങ്ങളിലും അലഞ്ഞുതിരിഞ്ഞ് അപ്പപ്പോൾ തോന്നുന്നതു പോലെ ജീവിക്കുവാൻ ശ്രമിക്കുന്ന ഈ ഏർപ്പാട് മുതൽമുടക്കിന്റേയും ആദായത്തിന്റേയും അളവു നോക്കിയാൽ ലോകത്തിലെ ഒന്നാംകിട വ്യവസായങ്ങളിൽ ഏററവും പ്രധാനപ്പെട്ട ഒന്നായിത്തീർന്നിരിക്കുകയാണ്. 1979–ൽ പശ്ചിമജർമനിയിൽ നിന്നുതന്നെ ഒരു കോടി ജനങ്ങൾ ഇങ്ങനെ വീടുവിട്ടിറങ്ങിയതായി ആ രാജ്യത്തെ ഒരു മാസിക റിപ്പോർട്ടു ചെയ്യുന്നു. അവിടത്തെ മൊത്തം ജനസംഖ്യ ആറു കോടിയാണ്. അതായത് അവിടെയുള്ള ആറു പേരിൽ ഒരാൾ വീതം ഈ ''കൃമികടി''ക്ക് വിധേയനായി എന്നർത്ഥം! 30 ലക്ഷം കാറുകളിലായിരുന്നു അവരുടെ യാത്ര. അവ സകല റോഡുകളും തിങ്ങിനിറഞ്ഞ് മറെറാരു ഗതാഗതവും സാധ്യമല്ലാതാക്കിത്തീർത്തുവത്രെ. മുൻവർഷത്തെ അപേക്ഷിച്ച് 1979–ൽ ജർമൻ ടൂറിസ്ററ് വ്യവസായത്തിന്റെ വരുമാനം 20—30 ശതമാനം വർദ്ധിച്ചതായി കണ്ടു. മറെറാരു തൊഴിലിലും ഈ തോതിലുള്ള വർദ്ധനവ് സ്വപ്നം കാണുവാൻ പോലും സാധ്യമല്ല. പ്രസ്തുത മാസികയുടെ കണക്കനുസരിച്ച് ജർമൻ ടൂറിസ്ററുകൾ 3000 കോടി മാർക്ക് (ഒരു മാർക്കിന്റെ മൂല്യം ഏകദേശം നാലു രൂപ!) അക്കൊല്ലം വിദേശങ്ങളിൽ ചെലവഴിച്ചു. ആസ്ത്രിയ, ഇററലി, സ്പെയിൻ, എന്നീ രാജ്യങ്ങൾക്കാണ് ഈ സംഖ്യയിൽ ഭൂരിഭാഗവും കിട്ടിയത്. അവർ അക്കാരണത്താൽ അങ്ങേയററം സംതൃപ്തരും ചരിതാർത്ഥരും ആയെന്നും നമുക്ക് വിശ്വസിക്കാം.

## മഹാവിപത്തിന്റെ മുമ്പിൽ

യൂറോപ്പിലെ ഒരേ ഒരു രാജ്യത്തു നിന്ന് മാത്രം ഉദ്ഭവിച്ച ടൂറിസ്ററുകളുടെ കഥയാണിത്. ഇതുപോലെ ആ ഭൂഖണ്ഡത്തിലുള്ള മററു രാജ്യങ്ങളിലും ഈ രോഗം മൂർദ്ധന്യദശയെ പ്രാപിച്ചിട്ടുള്ള അമേരിക്കൻ വൻകരയിലും നിന്ന് ആരംഭിക്കുന്ന എല്ലാ കൈവഴികളും ഒരുമിച്ച് ചേർന്നുണ്ടാകുന്ന ടൂറിസ്റ്റ് പ്രളയത്തെപ്പററി ആലോചിച്ചു നോക്കുക. മററു വ്യവസായങ്ങളുടെ ആദ്യഘട്ടങ്ങളിലെന്ന പോലെ ഇതിന്റെ കാര്യ

Digitized by Kerala Sahitya Akademi

ത്തിലും ഇതുവരെ ആദായത്തെക്കുറിച്ചുള്ള ചിന്ത മാത്രമേ ഉണ്ടായിരുന്നുള്ളു. വ്യവസായങ്ങൾ ലോകത്തിന് വലിയ അനുഗ്രഹമാണെന്നും ജീവിതത്തെ എത്രയോ കൂടുതൽ സുഖപ്രദമാക്കുന്നു എന്നും എല്ലാവരും വിശ്വസിച്ച കാലഘട്ടം രണ്ടാംലോകമഹായുദ്ധത്തോടെ അവസാനിച്ചു. ഇന്നിപ്പോൾ അവ വരുത്തുന്ന ദോഷങ്ങളേയും ആപത്തുകളേയും കുറിച്ചുള്ള ചിന്തയും ഭീതിയും ലോകമാകെ പരന്നിരിക്കുകയാണ്. ആസന്നമായ ഒരു ആഗോളദുരന്തത്തിന്റെ അശുഭപ്രതീക്ഷകളും പല കേന്ദ്രങ്ങളിലും ഉണ്ടായിട്ടുണ്ട്. 1954–ൽ അമേരിക്കയിലെ അറോമിക്ക് എനർജി കമ്മീഷൻ ചെയർമാനായിരുന്ന ലൂയിസ്സ്ത്രൗസ് അണുശക്തിയുടെ അനന്തസാധ്യതകളെപ്പററി പുളകോദ്ഗമകാരികളായ പ്രവചനങ്ങൾ പ്രഖ്യാപിച്ചതോർക്കുന്നു. അദ്ദേഹം പറഞ്ഞു: ''അണുശക്തി നിലയങ്ങൾ നിലവിൽ വരുമ്പോൾ വൈദ്യുതി പച്ചവെള്ളം പോലെ സുലഭമായിത്തീരും. മീറററുകൾ വെച്ച് ഉപഭോക്താക്കൾക്ക് അത് അളന്നു കൊടുക്കുന്ന ഏർപ്പാട് തന്നെ ഇല്ലാതാകും. അമേരിക്കയിലെങ്കിലും ആവശ്യക്കാർ മാസംതോറും ഒരു ചെറിയ വരിസംഖ്യ മാത്രം അടച്ച് വൈദ്യുതി ഇഷ്ടംപോലെ ഉപയോഗിക്കുന്ന അസൂയാവഹമായ സ്ഥിതിവിശേഷം നിലവിൽ വരും!'' അമേരിക്കയിൽ മാത്രമല്ല, മററു രാജ്യങ്ങളിലും അണുശക്തി നിലയങ്ങൾ ധാരാളമായി സ്ഥാപിക്കപ്പെട്ടു. പക്ഷേ, തന്റെ പ്രവചനം അടിയോടെ പിഴച്ചുപോയത് കാണുവാൻ സ്ത്രൗസിന് ആയുസ്സുണ്ടായില്ല. വൈദ്യുതി മാത്രമല്ല, അദ്ദേഹം ഉപമാനമായിപ്പറഞ്ഞ പച്ചവെള്ളം പോലും അത്രയൊന്നും സുലഭമല്ലെന്ന് അമേരിക്കക്കാരും മററു ജനങ്ങളും ഒരു ഞെട്ടലോടെ, ഇരുപത്തിയഞ്ചു വർഷം തികയുന്നതിനു മുമ്പുതന്നെ, മനസ്സിലാക്കേണ്ടി വന്നിരിക്കുന്നു. വ്യവസായയുഗം ഈ ചെറിയ ഭുവനഗോളത്തിൽ ജീവന്റെ നിലനില്പിനു തന്നെ ഭീഷണിയായിത്തീരുകയും ചെയ്തിരിക്കുന്നു.

ടൂറിസ്റ്റ് വ്യവസായവും ഈ നിലയിലേയ്ക്ക് അതിശീഘ്രം പുരോഗമിക്കുകയാണെങ്കിലും അമിതമായ ആദായത്തിന്റെയും അനിയന്ത്രിതമായ ഭോഗലോലുപതയുടെയും ഉത്സാഹപ്രകർഷം മൂലം അതു വരുത്തുന്ന ദോഷങ്ങളെക്കുറിച്ച് വ്യാപകമായ ബോധമൊന്നും ഇനിയും ഉണ്ടായിട്ടില്ല. പക്ഷേ, അതുണ്ടാകുവാൻ ഇനി അത്ര വളരെ കാലമൊന്നും വേണ്ട. യൂറോപ്പിലേയും അമേരിക്കൻ വൻകരയിലേയും കടൽത്തീരങ്ങളെല്ലാം നശിച്ചുകഴിഞ്ഞു. വർണശബളമായ വസ്ത്രങ്ങൾ ധരിച്ചും ഒന്നും ധരിക്കാതേയും വന്നുകൂടുന്ന മനുഷ്യലക്ഷങ്ങൾ വരുത്തുന്ന നാശത്തിന് പുറമെ, എണ്ണവ്യവസായത്തിന്റേയും രാസവിഷങ്ങളുടേയും നിരന്തരമായ പ്രക്ഷാളനം മൂലം ഒരു കാലത്ത് സിതാഭവും സുന്ദരവും ശാന്തവുമായിരുന്ന ആ സികതാഭൂമികൾ ഇന്ന് തൊട്ടാൽ മാത്രമല്ല, കണ്ടാൽ പോലും അറപ്പുതോന്നുന്ന കുപ്പപ്പറമ്പുകളായി മാറിയിരിക്കുന്നു. അതുകൊണ്ടാണ് ഈ ടൂറിസ്റ്റ് പ്രളയം ഇപ്പോൾ ഉഷ്ണമേഖലയിലെ കന്നിമണ്ണിലേയ്ക്ക് തിരിഞ്ഞിരിക്കുന്നത്. യൂറോപ്പിന്റെ ഉത്തരതീരത്തെ ഉല്ലാസകേന്ദ്രങ്ങളെല്ലാം ഉപേക്ഷിക്കപ്പെട്ടിരിക്കുന്നു. അവിടെ കടലിന്റെ അടിത്തട്ടിൽ നിന്ന് എണ്ണ കുഴിച്ചെടുത്തു തുടങ്ങിയിരിക്കുകയാണ്. ഈ തീരത്തെല്ലാം കയററിക്കൊണ്ടു പോകുന്ന പടുക്കൂററൻ ചരക്കു കപ്പലുകൾ കൂടെക്കൂടെ തകരുന്നതു മൂലവും മററു വിധത്തിലും കടലും കടൽത്തീര



# നിദ്ര

## ബാലാമണിയമ്മ

**ഈ** മൃദുശയ്യമേലായാസവിക്ളബ—
മാമുടൽ ചേർത്തു ഞാൻ തൃപ്തികൊൾകേ:
ചാരത്തെത്തോട്ടത്തിൽച്ചാഞ്ചാടും പൂക്കളെ—
ക്കോരിയെടുക്കവേ കണ്ണിണയാൽ;
കൊച്ചു മുഖങ്ങളും താരാട്ടും കൈകളും
വായ്ച്ച നിൻ വീട്ടിൻ വിഭൂതിയോർക്കേ;
ആലസ്യമേലുമിപ്രജ്ഞ കിനാവിന്റെ
യോളത്തിൽപ്പാതിയിറങ്ങി നില്ക്കേ;
അമ്മേ വസുന്ധരേ, മന്ത്രിപ്പതെന്തെന്നോ—
ടന്തിവെയിലിൽക്കുതിർന്ന നോക്കാൽ—
ഊഴിയിൽക്കാലൂന്നി ദ്യോവിലുയർന്നെഴ—
മൂർദ്ധലോകത്തിലെക്കട്ടിലൊന്നിൽ
നീണാളുറങ്ങാനെനിക്കുതകും മെത്ത
നീയൊരുക്കുന്നു വിരവിലെന്നോ?
കണ്ണിന്റെ വാതിലടച്ചു, മസ്തിഷ്കത്തിൽ
മിന്നും വിളക്കും കെടുത്തി മാററി,
നേരമായാലതിൽക്കൊണ്ടുകിടത്തും നിൻ
ക്രൂരനിയമത്തെ പ്രാകിയാലും
വിശ്രാന്തിനേടുമങ്ങീയപകൃാത്മാവ്;
വീണ്ടും വളരുവാനായുറങ്ങും,
മറെറാരു നാളിന്റെ വർണപടലങ്ങൾ
മാനത്തുനീളെപ്പരക്കുവോളം,
ഓരോ വഴിത്താര തൊട്ടുകാട്ടിത്തരാൻ
സൂര്യന്റെ പൊൻവിരൽ പൊങ്ങുവോളം!

ഇററിററു വീഴും പുലർത്തേൻ കണങ്ങളെ
നൊട്ടിനുണഞ്ഞുകിടക്കെയെന്നും
ജീവിതത്തിന്റെ സഹസ്രാരചക്രത്തെ
നീ, വിളയാടാനെനിക്കു നല്കും.



വുമെല്ലാം ക്രൂഡോയിൽ കൊണ്ട് മൂടപ്പെട്ടു പോകുന്നു. മെഡിററേനിയൻ കടലുപോലെ ഉത്തരസമുദ്രവും (നോർത്ത് സീ) അതിശീഘ്രം നിർജീവമാവുകയാണെന്ന് ജീവശാസ്ത്രജ്ഞന്മാർ മുറവിളികൂട്ടിത്തുടങ്ങിയിരിക്കുന്നു. അവിടത്തെ മത്സ്യോത്പാദനം ഇപ്പോഴും തന്നെ ഗണ്യമായി കുറഞ്ഞിരിക്കുകയാണ്.

ഈ അടുത്ത കാലത്ത് ഉത്തര ജർമനിയിലെ ഹാംബുർഗ് തുറമുഖത്ത് അഭൂതപൂർവ്വമായ ഒരു ഘെരാവോ സമരം നടന്നു. ആ രാജ്യത്തെ പ്രസിദ്ധമായ ഔഷധ രാസവസ്തു നിർമ്മാണശാലകൾ (ബയർ, ഫാബർ, ഹോക്സ്റ്റ്) വിഷമയമായ വിസർജ്ജന ദ്രവ്യങ്ങൾ സമുദ്രത്തിൽ നിക്ഷേപിക്കുന്നതിനായി അനേകം കപ്പലുകളിൽ കയററി നിറച്ചു. അവ പുറപ്പെടുവാൻ തുടങ്ങിയപ്പോൾ, സാഹസികരായ ഒരു സംഘം യുവാക്കൾ തന്നത്താൻ ചുമന്നു കൊണ്ടുവന്ന ചെറുതരം റബ്ബർ ബോട്ടുകളിറക്കി കപ്പലുകളെ വളഞ്ഞുവെച്ചു. അങ്ങകലെ നിരുപദ്രവമായ സ്ഥലത്ത് വളരെ ആഴത്തിലാണ് ആപൽക്കരമായ ഈ ചരക്കുകൾ നിക്ഷേപിക്കുവാൻ പോകുന്നതെന്ന് കമ്പനിക്കാർ പറഞ്ഞുനോക്കി. അങ്ങനെ നിരുപദ്രവമായ ഒരു സ്ഥലവും ഭൂമിയിലില്ലെന്നും കടലിൽ വീഴുന്ന സാധനങ്ങൾ ഒടുവിൽ കരയ്ക്കുതന്നെ വന്നടിയുമെന്നും കപ്പലുകളെ വിടുകയില്ലെന്നും സമരക്കാർ പ്രത്യുത്തരം നല്കി. അസാധ്യമായ ആദർശത്തിന്റെ പേരിൽ ശാഠ്യം പിടിച്ചാൽ ഉത്പാദനം കുറയുമെന്നും സമ്പദ് വ്യവസ്ഥ തകരുമെന്നും കമ്പനിക്കാരുടെ വക്താക്കളായ രാഷ്ട്രീയ നേതാക്കന്മാർ വാദിച്ചു. ലോകത്തിന്റെ നന്മയെ മുൻനിർത്തിയുള്ള ഈ സമരത്തിന്റെ പരിണാമം എന്തായിരുന്നു എന്ന് അറിയുന്നില്ല. അതാണല്ലോ ഒരു പത്രക്കാരനും ഒരിക്കലും പറയാത്തത്. മനുഷ്യൻ പട്ടിയെ കടിച്ചു എന്നു പറഞ്ഞ് സംഭ്രമജനകമായ വാർത്തയുണ്ടാക്കും. പക്ഷേ, അതിന്റെ ഫലമായി പട്ടിക്കോ മനുഷ്യനോ എന്തു സംഭവിച്ചു എന്നു പറയുകയില്ല. അതെല്ലാം ഊഹിച്ചറിഞ്ഞു കൊള്ളണം!

## കടൽക്കരകൾ നശിക്കുന്നു

നമ്മുടെ കടൽത്തീരങ്ങൾക്കും ഈ ആപത്തു് വരാൻ പോവുകയാണ്. ഗോവയും കോവളവും കന്യാകുമാരിയും എല്ലാം നശിക്കും. അവിടത്തെ കടലുകൾ പഞ്ചനക്ഷത്ര ഹോട്ടലുകളുടെ സെപ്ററിക് ടാങ്കുകളായി മാറും. 1930–'40 കാലത്താണല്ലോ പാശ്ചാത്യ രാജ്യങ്ങളിൽ സ്ത്രീപുരുഷന്മാർ അല്പാംശുകരായി സമുദ്രസ്നാനത്തിനു പോകുന്ന ടൂറിസ്റ്റ് സമ്പ്രദായം പ്രചാരത്തിൽ വന്നത്. അക്കാലത്തെ സിനിമയും പത്രങ്ങളും ചിത്രമാസികകളും കാമോദ്ദീപകമായ ഈ പരിഷ്കാരത്തിന് എന്തെന്നില്ലാത്ത പരസ്യം നല്കി. അക്കാലത്ത് ഒരിംഗ്ലീഷുകാരൻ രചിച്ച ഫലിതരസംനിറഞ്ഞ ഒരു പുസ്തകത്തിൽ ഇങ്ങനെ എഴുതിയിരുന്നു തോൽക്കുന്നു. ''വസ്ത്രങ്ങൾ എന്തു വലിയ അനുഗ്രഹമാണെന്ന് ഇപ്പോഴാണ് മനസ്സിലാകുന്നത്. എത്ര വിരൂപമായ ശരീരത്തെയും അവ, കണ്ണുകൾക്ക് സഹിക്കത്തക്കതാക്കുന്നു. അനാവൃതമായ മനുഷ്യമാംസത്തിന്റെ ഈ കടൽത്തീരപ്രദർശനം ചിത്രങ്ങളിൽ കാണുന്നതുപോലെയൊന്നുമല്ല. അങ്ങേയററം ജുഗുപ്സാവഹമാണ്. കുടവയറന്മാരുടേയും എല്ലൻ കോലന്മാരുടേയും ദുർമേദസ്സു ചുമക്കുന്ന പെണ്ണുങ്ങളുടേയും ഈ ഘോഷയാത്ര കണ്ടു നില്ക്കാൻ കഴിയുകയില്ല. എന്നെപ്പോലെ അതിന് ഇറങ്ങിത്തിരിച്ചവരെല്ലാം വിഡ്ഢികളായി. ലക്ഷം മാനുഷർ കൂടിവരുമ്പോൾ ലക്ഷണമൊത്തതിലൊന്നോ രണ്ടോ കോമളരൂപങ്ങൾ ഉണ്ടായേക്കാം. പക്ഷേ, അവയെ കണ്ടുപിടിച്ചു രസിക്കുന്നതിനു വേണ്ടി നാണംകെട്ട് നോക്കില്ലുന്നതെങ്ങനെ?''

## അഴുക്കുചാലുകളാവുന്ന മഹാനദികൾ

ടൂറിസ്ററുപരസ്യങ്ങളിൽ സർവചേതോഹരങ്ങളായി വാഴ്ത്താറുള്ള പിൻകിട രാജ്യങ്ങളിലെ കടൽത്തീരങ്ങളിലെങ്ങും ശുചീകരണത്തിനുള്ള യാതൊരു ഏർപ്പാടുമില്ല. എത്രയോ മൈൽ വിസ്താരമുള്ള മണൽപ്പുറങ്ങളെല്ലാം ഓരോ ദിവസവും അടിച്ചു വാരുവാൻ ആർക്കു കഴിയും? കടലൊഴുക്കിൽപ്പെട്ട് മുങ്ങിച്ചാകുവാൻ പോകുന്നവരെ രക്ഷിക്കുന്നതിനുള്ള സജ്ജീകരണങ്ങൾ പോലും മിക്ക ദിക്കിലുമില്ല. ഖനിയെണ്ണകൊണ്ടുള്ള മലിനീകരണത്തിന്റെ ആപത്ത് ഈ ദുരദിക്കുകളിലേയ്ക്കും വ്യാപിച്ചു തുടങ്ങിയിട്ടുണ്ട്. ടൂറിസ്റ്റ്‌വ്യവസായം ഏററെടുക്കുന്ന സമുദ്രതീരത്തെ വിഹാരകേന്ദ്രങ്ങളൊന്നും പത്തോ പതിനഞ്ചോ വർഷത്തിൽ കൂടുതൽ ആകർഷകമായി നില്ക്കുകയില്ല. ''ഒഴുക്കുനീററിൽ അഴുക്കില്ല'' എന്നു നദികളെപ്പററി പണ്ടൊക്കെ പറയാറുണ്ടായിരുന്നു. ജനപ്പെരുപ്പവും വ്യവസായവൽക്കരണവും വന്നതോടുകൂടി ആ ചൊല്ലിന് അർത്ഥമില്ലാതായി. ലോകത്തിലെ ഏററവും നീളം കൂടിയ നദിയായ മിസിസിപ്പിപോലും അഴുക്കുചാലായി മാറിയിരിക്കുകയാണ്. ഭൂമിയുടെ ഉപരിതലത്തിൽ മൂന്നിൽ രണ്ടു ഭാഗത്തെ മൂടുന്ന സമുദ്രത്തെക്കുറിച്ചും ഇങ്ങനെയൊരു ധാരണയുണ്ട്. എത്ര മാലിന്യവും കടലിൽ കായം കലക്കിയതുപോലെ അപ്രത്യക്ഷമാകുമെന്ന് വിശ്വസിക്കപ്പെട്ടിരുന്നു. അക്കാലങ്ങളെല്ലാം കഴിഞ്ഞു. ഇങ്ങനെ കടൽത്തീരങ്ങൾ അനാകർഷകങ്ങളാകുന്നതുകൊണ്ടാവാം ടൂറിസ്റ്റ്പ്രളയം ഇപ്പോൾ ഉൾനാടുകളിലേയ്ക്ക് തിരിഞ്ഞിരിക്കുകയാണ്. മുൻപ് വളരെ പ്രസിദ്ധങ്ങളായിരുന്ന പല സമുദ്രവിഹാരരംഗങ്ങളിലും ഇപ്പോൾ ഹിപ്പികളാണ് അധികവും വരുന്നത്. അവർക്കു വേണ്ടി ചെലവു കുറഞ്ഞ താമസസ്ഥലങ്ങൾ നിർമിക്കുവാനും ആലോചനയുണ്ടെന്നു കേൾക്കുന്നു. കുറെ കഴിയുമ്പോൾ അവരും വരാതെയാകും. മഴ പെയ്തുകഴിഞ്ഞ് മരം പെയ്യുന്നതുപോലെയാണല്ലൊ ഹിപ്പികളെന്ന പ്രതിഭാസം പ്രത്യക്ഷപ്പെടുന്നത്. കമ്പോളത്വത്തിന്റെ അനുബന്ധമായോ ഉച്ഛിഷ്ടമായോ മാത്രമേ അതിനു നിലനില്പുള്ളു.

## ക്ഷയിക്കുന്ന വിഭവങ്ങൾ

പ്രകൃതിസൗന്ദര്യം മാത്രമാണ് ഉൾനാടൻ ടൂറിസ്റ്റ്കേന്ദ്രങ്ങളിൽ ആസ്വദിക്കാനുള്ളതെങ്കിൽ അവയും വളരെ വേഗം ക്ഷയിക്കും. ലക്ഷക്കണക്കിലുള്ള മനുഷ്യരുടെ പാദാഘാതം പ്രകൃതിസൗന്ദര്യത്തെ നശിപ്പിക്കും. അമേരിക്കയിലെ ന്യൂയോർക്ക് സംസ്ഥാനത്ത് റോച്ചെസ്റ്റർ എന്നൊരു നഗരമുണ്ട്. അവിടത്തെ ലൈലാക്ക്പുഷ്പങ്ങൾ ലോകപ്രസിദ്ധമാണ്. ആണ്ടിലൊരിക്കൽ അവിടെ ഒരു ''ലൈലാക്ക് ഞായറാഴ്ച'' ആഘോഷിക്കാറുണ്ട്. അതിനുവേണ്ടി സന്ദർശകരെ ആകർഷിക്കുവാൻ വലിയ പ്രചാരണവും നടത്തും. പക്ഷേ, അന്ന് അവിടെപ്പോയാൽ തിങ്ങിഞെരുങ്ങി നീങ്ങുന്ന മനുഷ്യസഞ്ചയത്തെയല്ലാതെ ലൈലാക്ക്പുഷ്പങ്ങളെ കാണാൻ സാധിക്കുകയില്ല! റോഡുകൾ മുഴുവൻ കാറുകളെക്കൊണ്ടു നിറയും. ഇത് വർഷത്തിൽ ഒരിക്കൽ മാത്രം നടക്കുന്ന ഉത്സവമാണ്. പുഷ്പങ്ങൾ പ്രകൃതിയിൽ താനേ ഉണ്ടാകുന്നവയുമല്ല. ഈ പ്രദർശനത്തിനുവേണ്ടി ഉദ്യാനവിദ്യക്കാർ വളർത്തിയെടുക്കുന്നവയാണ്. അവയ്ക്ക് നാശം സംഭവിച്ചാൽ വീണ്ടും ഉൽപാദിപ്പിക്കാം. പക്ഷേ, വനതലങ്ങളും വന്യമൃഗസംരക്ഷണമേഖലകളും പക്ഷിസങ്കേതങ്ങളും ടൂറിസ്ററുകൾക്ക് തുറന്നുകൊടുത്താൽ അവ അല്പകാലത്തിനുള്ളിൽ നാശമടയും. പ്രകൃതിദൃശ്യങ്ങൾ വിട്ടാൽ പിന്നെയുള്ളത് പൂർവകാലമഹിമകളുടെ അവശിഷ്ടങ്ങളും സ്മാരകങ്ങളും മററുമാണ്. ഇങ്ങനെയുള്ള പുരാവസ്തുക്കൾ കാണുവാൻ വിദേശത്തുനിന്നുള്ള ടൂറിസ്ററുകൾ എത്രത്തോളം വരുമെന്ന് കണ്ടുതന്നെ അറിയണം. അഥവാ വന്നാലും, അവയുടെ മഹത്വവും പ്രാധാന്യവും അവർക്കു മനസ്സിലാകുമോ എന്നതും ചിന്തിക്കേണ്ട വിഷയമാണ്.

ഒരിക്കൽ എലിഫന്റാ ഗുഹയിലെ മഹേശമൂർത്തിയുടെ മുമ്പിൽ നില്ക്കുമ്പോൾ ഒരു സംഘം ജർമൻ സന്ദർശകർ അവിടെ കടന്നു വന്നത് ഞാൻ ഓർമിക്കുന്നു. സ്വന്തം ഭാഷയിൽ സംസാരിച്ചാൽ നാട്ടുകാർക്ക് മനസ്സിലാവുകയില്ലെന്നു കരുതിയാവാം, അവർ ആ അദ്ഭുതദൃശ്യത്തെപ്പററി പരിഹാസവും പുച്ഛരസവും കലർന്ന പല പ്രസ്താവനകളും ചെയ്തു. അവരുടെ ഭാഗ്യദോഷത്തിന് ജർമൻഭാഷ വശമുള്ള ഒരു യുവതി ഞങ്ങളുടെ കൂട്ടത്തിലുണ്ടായിരുന്നു. അവൾക്ക് ഇത് കേട്ടപ്പോൾ ശുണ്ഠിവന്നു. അവരുടെ അടുത്തേയ്ക്കു ചെന്ന് അവൾ ഇങ്ങനെ പറഞ്ഞു: ''ഇത് ഞങ്ങളുടെ ജനങ്ങൾ എത്രയോ നൂററാണ്ടുക


# TBS NEWS

## WISDOM
## P. S. C. GUIDE 1980

The only P. S. C. guide containing all the subjects required for candidates seeking job. Old question papers with answers also included.

Contact TBS for all books for competitive examinations like Bank clerical tests, Probationery officers, I. A. S, I. P. S, R. S. C, S. S. C, Income tax inspectors etc.

# TBS
**TOURING BOOK STALL**
**CALICUT-1. Phone: 74025**


Digitized by Kerala Sahitya Akademi

ളായി ഭക്തിപൂർവം ആരാധിക്കുന്ന ഒരു ദേവതാരൂപമാണ്. അത് നിങ്ങൾക്ക് മനസ്സിലാകാത്തതിൽ അദ്ഭുതമില്ല. ഗോയ്ഥേയ്ക്കുപോലും അത് ദുർഗ്രഹമായിട്ടാണ് തോന്നിയത്. പക്ഷേ, ഒററക്കല്ലിൽ കൊത്തിയെടുത്ത ഈ ഗംഭീര വിഗ്രഹത്തിന്റെ കലാസൗന്ദര്യംപോലും നിങ്ങൾ കാണാത്തത് പരിതാപകരംതന്നെ. ഈ ലോകത്തിൽ മനുഷ്യകരങ്ങൾ ഇന്നുവരെ നിർമിച്ച പ്രതിമകളിൽ വെച്ച് ഏററവും ശ്രേഷ്ഠമായ കലാസൃഷ്ടിയാണിതെന്നാണ് റോഡിൻ എന്ന മഹാനായ ഫ്രഞ്ചു ശില്പി പറഞ്ഞത്. നിങ്ങൾ ഉത്തര ജർമനിയിൽ നിന്നു വരുന്നവരാണെന്ന് സംഭാഷണ ശൈലിയിൽ നിന്നു മനസ്സിലാക്കുന്നു. അവിടെ എന്തു ചെയ്യുന്നു?'' ''ഞങ്ങൾ ഹോട്ടൽ ജോലിക്കാരാണ്. അവിടത്തെ ഏററവും വലിയ ഹോട്ടലിലെ ഹെഡ് കുക്കായ ഇദ്ദേഹമാണ് ഞങ്ങളുടെ ലീഡർ'' എന്നു പറഞ്ഞ് അവർ കൃതാവുകാരനായ ഒരു മദ്ധ്യവയസ്സനെ ചൂണ്ടിക്കാണിച്ചു. ഇങ്ങനെയുള്ള ടൂറിസ്ററുകൾ മഹേശമൂർത്തിയെന്നും ഗോയ്ഥേ എന്നും റോഡിൻ എന്നും കേട്ടാൽ വാപൊളിക്കുകയല്ലാതെ എന്തു ചെയ്യും!

## സംസ്കാരവിനിമയം എന്ന മിഥ്യ

പാചകശാലയിൽ പണിയെടുക്കുന്നവർക്കു മാത്രമല്ല വിദ്യാഭ്യാസവും സംസ്കാരവും ഉള്ളവരെന്നു കരുതുന്നവർക്കുപോലും ഇതൊന്നും മനസ്സിലാവുകയില്ല. ഈ ടൂറിസ്റ്റ് വ്യവസായം ആരംഭിക്കുന്നതിന് വളരെ മുമ്പ് ഇന്ത്യയിലെ കാഴ്ചകൾ കാണുവാൻ വന്ന ഇംഗ്ലണ്ടിലെ ഒരു പ്രഭുകുല കുമാരി ആഗ്രയിൽ പോയി താജ്മഹൽ കണ്ടശേഷം വീട്ടിലേയ്ക്ക് എഴുതിയ കത്ത് പ്രസിദ്ധമാണല്ലൊ. ''അവിടെ മനോഹരമായ അനേകം കാഴ്ചകൾ ഉണ്ടായിരുന്നു. എല്ലാം കാണുവാൻ സമയമില്ലാതെ പോയി. എന്നാലും ഞങ്ങൾ നല്ല നിലാവത്ത് സാക്ഷാൽ ആഗാഖാനെ കണ്ടു!'' (We saw the great Aga Khan by moonlight) ഇങ്ങനെയാണ് ബഹുഭൂരിപക്ഷം ടൂറിസ്ററുകളും അന്യ രാജ്യങ്ങളിലെ കാഴ്ചകൾ കാണുന്നത്! ക്രിസ്തു പതിനഞ്ചും പതിനാറും നൂററാണ്ടുകളിൽ ആരംഭിച്ച കപ്പലോട്ടങ്ങളെത്തുടർന്ന്, ആദ്യം വിദൂര രാജ്യങ്ങളിൽ നിന്ന് സ്വർണ്ണവും മററു സമ്പത്തുകളും കൈക്കലാക്കുവാനും അതു കഴിഞ്ഞ് കച്ചവടത്തിലൂടെ കൊള്ളലാഭം ഉണ്ടാക്കുവാനും പിന്നീട് ആ രാജ്യങ്ങളെ കീഴടക്കി കോളനികൾ സ്ഥാപിക്കുവാനും പാശ്ചാത്യ മനുഷ്യൻ തുടരെ നടത്തിയ സാഹസയത്നത്തിന്റെ ഏററവും നവീനമായ രൂപഭേദമാണ് ഈ ടൂറിസ്റ്റ് വ്യവസായം. അന്യ രാജ്യക്കാരെ ചൂഷണം ചെയ്ത് സമ്പത്തുണ്ടാക്കുന്നു എന്ന അപഖ്യാതിയില്ലാത്തതുകൊണ്ടും അവർക്ക് നല്ല ആദായമുണ്ടാക്കുവാനും വിദേശനാണ്യം സമ്പാദിക്കുവാനും അവസരം നല്കുന്നു എന്നതുകൊണ്ടും ഇത് മൂന്നാം ലോകത്തിനെങ്കിലും ഒരു വലിയ അനുഗ്രഹമാണെന്നുള്ള ധാരണയുണ്ട്. അത് തെററാണ്. ഇതും മുൻ നൂററാണ്ടുകളിൽ ആഗോളവ്യാപകമായി നടന്ന ആക്രമണങ്ങളെപ്പോലെ തന്നെയുള്ള ഒരു ശാപമാണ്. അതിൽ പണമല്ലാതെ മറെറാരു പരിഗണനയുമില്ല. അന്യ രാജ്യക്കാരന്റെ പണത്തിനുവേണ്ടി എന്തും വില്കുവാൻ പിൻകിട രാജ്യക്കാർ എന്നേ സന്നദ്ധരുമാണ്. സംസ്കാരവും സദാചാരവും ചാരിത്രവും ക്ഷേത്രപ്രതിഷ്ഠകളും എന്നു വേണ്ട എന്തും! ഭിന്ന രാജ്യക്കാരായ ജനങ്ങൾ കൂട്ടിമുട്ടുമ്പോൾ സംസ്കാരവിനിമയത്തിന് സൗകര്യമുണ്ടാകുമെന്നു പറയാറുണ്ട്. പക്ഷേ, ഇന്നത്തെ ടൂറിസ്റ്റ് പ്രളയത്തിൽ, ചീറിപ്പായുന്ന കൂററൻ വിമാനങ്ങളിൽ വന്നിറങ്ങുന്ന ജനസഞ്ചയത്തിൽ ഭൂരിപക്ഷവും സംസ്കാരശൂന്യരായ ഭോഗലോലുപരാണ്. പണംകൊണ്ട് എന്തും നേടാമെന്ന് അവർ വിശ്വസിക്കുന്നു. സ്വന്തം രാജ്യങ്ങളെക്കുറിച്ചുപോലും അവർക്ക് ഒരു വിവരവുമില്ല. തങ്ങൾ രണ്ടോ മൂന്നോ ആഴ്ചക്കാലം ഓടി നടന്ന് കണ്ടിട്ട് പോകുന്ന രാജ്യങ്ങളെപ്പററി, ബഹുമാനത്തിന്റെ കാര്യം പോകട്ടെ, അങ്ങേയററത്തെ പുച്ഛത്തോടുകൂടിയാണ് അവർ മടങ്ങുന്നത്. അവരുടെ സമ്പത്തും കൂസലില്ലാത്ത പെരുമാററങ്ങളും കണ്ട് മതിമറന്നു നില്ക്കുന്ന ആതിഥേയ രാജ്യങ്ങളിലെ സാധാരണ ജനങ്ങൾ അതാണ് ആധുനിക പരിഷ്കാരമെന്നും തെററിദ്ധരിച്ചു പോകുന്നു. ആ ജീവിതരീതി സ്വീകരിക്കുവാനായിരിക്കും പിന്നത്തെ അവരുടെ യത്നമെല്ലാം.

ഒന്നും കൈവിട്ടു പോകാതെ ആദായം നേടുവാനുള്ള ഒരു മാർഗമാണിതെന്നും അതിനെ അപലപിക്കുന്നത് അനീതിയാണെന്നും തോന്നിയേക്കാം. ഒന്നും കൈവിടുന്നില്ല എന്നും കിട്ടുന്നതു മുഴുവൻ ആദായമാണെന്നും ആദായത്തിനപ്പുറം ഒന്നു മില്ലെന്നും ഉള്ള ഈ സങ്കല്പമാണ് ഏററവും ആപല്ക്കരം! അമേരിക്കയിൽ ആരംഭിച്ച ഹിപ്പി സമ്പ്രദായം പത്തു വർഷമേ നിലനിന്നുള്ളു. അത് ടൂറിസംപോലെ ഗവർമെണ്ടുകളെപ്പോലും വശീകരിച്ച ഒരു വ്യവസായമായി വളർന്നമില്ല. തികച്ചും ഒരു സ്വകാര്യ സംരംഭമായിരുന്നു (പ്രൈവററ് എൻറർപ്രൈസ്). പക്ഷേ, പത്ത് വർഷത്തിനിടയ്ക്ക് അത് ലോകം മുഴുവൻ വ്യാപിച്ചു. പ്രതിവിധിയും പ്രതിരോധവും ഇല്ലാത്ത ഒരു പകർച്ചവ്യാധി പോലെ, ആഫ്രിക്കയിലെ കാട്ടുജാതിക്കാരുടെ ഇടയിലുള്ള യുവജനങ്ങളെപ്പോലും ബാധിച്ച്, എല്ലാ രാജ്യങ്ങളിലേയും ഇളം തലമുറയെ വഴി തെററിക്കുകയും ചെയ്തു. നീട്ടിവളർത്തിയ മുടിയും കാക്കാലന്മാരുടെ വേഷവും മയക്കുമരുന്നുകളുടെ ഉപയോഗവും അച്ചടക്കമില്ലായ്മയും അരാജക മനസ്ഥിതിയും ഇക്കിളിപ്പാട്ടുകളും കാമകേളികളും എല്ലാം കൂടി ഒരു പുതിയ ജീവിതരീതിതന്നെ നിലവിൽ വന്നു. അതിന്റെ അംഗീകൃതവും വ്യവസായവൽകൃതവും മാന്യത അവകാശപ്പെടുന്നതുമായ രൂപമല്ലേ ഈ ടൂറിസം എന്നു സംശയിച്ചുപോകുന്നു.

## ദാരിദ്ര്യവാസികളുടെ സ്വപ്നം

വൻതോതിലുള്ള ധനവിനിമയം അന്തർഭവിക്കുന്ന ഒരു സംരംഭമാകയാൽ അത് പിൻകിട രാജ്യങ്ങളെ മുഴുവൻ ഇളക്കിമറിക്കുമെന്ന് നിശ്ചയമാണ്. അവ കൂടുതൽ അസ്വസ്ഥമാകും. ആവശ്യങ്ങൾ നിയന്ത്രിച്ച്, മിതവ്യയം ശീലിച്ച്, അദ്ധ്വാനിച്ച്, ദാരിദ്ര്യത്തിലും കഷ്ടപ്പാടുകളിലും നിന്ന് കരകയറുവാനുള്ള പരിപാടിയെ കൈവെടിയാമെന്നും യാതൊരു അദ്ധ്വാനവും കൂടാതെ അന്യരാജ്യക്കാരന്റെ സമ്പത്തിൽ പങ്കുപററി അവരുടേതുപോലുള്ള ജീവിതം നയിക്കുവാൻ ഉതകുന്ന ഒരു എളുപ്പ മാർഗം തുറന്നുകിട്ടിയിരിക്കുന്നു എന്നും അവിടത്തെ ജനങ്ങൾ വിശ്വസിച്ചുതുടങ്ങും. കൂടുതൽ കൂടുതൽ ടൂറിസ്ററുകളെ ആകർഷിക്കുവാനുള്ള ഉപായങ്ങളും കണ്ടുപിടിക്കും. കഥകളിയും കൂടിയാട്ടവും ആസനങ്ങളും തിരുമ്മലും പിഴിച്ചിലും മാത്രമല്ല, കൗളയോഗവും വജ്രയാനവും രാസക്രീഡയുമെല്ലാം മൊത്തമായും ചില്ലറയായും വില്ക്കുവാനുള്ള ഏർപ്പാടുകളുണ്ടാകും. ഒടുവിൽ, അമേരിക്കയിലെ ആദിവാസികളേയും വെസ്ററിൻഡീസിലെ ദ്വീപവാസികളേയും പോലെ ''ടൂറിസ്ററ സീസൺ'' വരുവാൻ കാത്തിരിക്കുന്ന ദാരിദ്ര്യവാസികളുടെ സമൂഹമായി ഈ രാജ്യങ്ങളിലെ ജനസഞ്ചയം അധഃപതിക്കും. വിദേശീയരുടെ ദൃഷ്ടിയിൽ അവരുടെ സംസ്കാരവും ജീവിതംതന്നെയും വിലകുറഞ്ഞ വില്പനച്ചരക്കായി മാറും. അമ്മേ! എന്റെ പ്രിയപ്പെട്ട മാതൃഭൂമീ! ഭാരതവർഷമേ! അനക സ്വപ്നംപോലും അർഹമല്ലാത്ത ഈ അധോഗതി നിനക്ക് ഉണ്ടാകാതിരിക്കട്ടെ!

> ഉത്തുംഗനീഹാരശൈലകിരീടവും
> സ്വഛനീഥക്താസരവും ചാർത്തി
> മിന്നിടും നിശ്ശേഷനിവൃദ്ധശ്രീ
> മന്നിനു കല്യാണ കാമധേനു

എന്നു കവികൾ വാഴ്ത്തിയ നിന്റെ പുണ്യഗാത്രത്തിൽ രാജ്യതൃഷ്ണയ്ക്കു വശംവദരായി വന്ന് മുറിവേല്പിച്ചവരെപ്പോലും നീ മാപ്പുനല്കി മക്കളായി സ്വീകരിച്ചു. ഇന്നാകട്ടെ, സത്യപ്രതിജ്ഞ ചെയ്ത് നിന്നെ സംരക്ഷിക്കുവാൻ ചുമതലയെടുത്തവർതന്നെ ധനസമൃദ്ധിയാൽ മദിച്ചുനടന്ന് ഭുവനമണ്ഡലത്തെ ചവിട്ടിമെതിക്കുന്ന ഭോഗലോലുപന്മാർക്ക് നിന്നെ വില്ക്കുവാൻ തുടങ്ങുന്നു. അമ്മേ! ഇതു സഹിക്കുന്നതെങ്ങനെ? ■


# N B S NEWS

## പി. ജെ. ആൻറണിയുടെ നാടകങ്ങൾ

**കേരളത്തിലങ്ങോളമിങ്ങോളം നൂറുകണക്കിനു സ്റ്റേജുകളിൽ അവതരിപ്പിക്കപ്പെടുകയും ആയിരക്കണക്കിനു പ്രേക്ഷകരെ ആകർഷിക്കുകയും ചെയ്ത 14 പ്രശസ്ത നാടകങ്ങൾ**

| | | | |
|---|---|---|---|
| 1. | കല്യാണച്ചിട്ടി | വില | 3.00 |
| 2. | മുഷികസ്ത്രീ | .. | 7.00 |
| 3. | രാഗം | .. | 5.00 |
| 4. | ചക്രായുധം | .. | 6.00 |
| 5. | കാഴ്ചബംഗ്ലാവ് | .. | 6.50 |
| 6. | ഇങ്കലാബിന്റെ മക്കൾ | .. | 7.00 |
| 7. | ശിക്ഷ | .. | 5.00 |
| 8. | പ്രളയം | .. | 5.00 |
| 9. | രശ്മി | .. | 6.50 |
| 10. | പൊതുശത്രുക്കൾ | .. | 7.00 |
| 11. | അമ്മ | .. | 5.00 |
| 12. | സോഷ്യലിസം | .. | 5.00 |
| 13. | മണ്ണ് | .. | 7.00 |
| 14. | സോക്രട്ടീസ് | .. | 5.00 |

**നാഷനൽ ബുക്ക്സ്റ്റാൾ**

കോട്ടയം—686 001





Digitized by Kerala Sahitya Akademi